No. CEE/3321/2012/NEET (UG) 2013/TA1

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## വിജ്ഞാപനം

## ബിഡിഎസ് കോഴ്സ് പ്രവേശനം - 2013 ന്യൂനപക്ഷ പദവിയുള്ള /കമ്മ്യൂണിറ്റി ക്വാട്ടയുള്ള സ്വകാര്യ സ്വാശ്രയ ഡന്റൽ കോളേജുകളിലെ അലോട്ട്മെന്റ്

(G.O.(Rt)No.2022/2013/H&FWD, dated Thiruvananthapuram, 12.06.2013)
(G.O.(Rt)No.2138/2013/H&FWD, dated Thiruvananthapuram, 18.06.2013)
(G.O.(Rt)No.2487/2013/H&FWD, dated Thiruvananthapuram, 11.07.2013)

സ്വകാര്യ സ്വാശ്രയ ഡന്റൽ കോളേജുകളിലേക്കുള്ള 2013 ലെ അലോട്ടുമെന്റ് നടപടികൾ ജൂലൈ അവസാന വാരം ആരംഭിക്കുന്നതാണ്. കേരള സർക്കാരിന്റെ ഉത്തരവുകൾ പ്രകാരം, ന്യൂനപക്ഷ പദവിയുള്ള/കമ്മ്യൂണിറ്റി ക്വാട്ടയുള്ള സ്വകാര്യ സ്വാശ്രയ ഡന്റൽ കോളേജുകളിൽ പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തുന്ന 50% സീറ്റുകളിലെ 30% സീറ്റുകൾ, പ്രസ്തുത ന്യൂനപക്ഷ സമുദായത്തിലെ വിദ്യാർത്ഥികൾ/കോളേജ് മാനേജ്മെന്റുകൾ പ്രതിനിധാനം ചെയ്യുന്ന സമുദായത്തിലെ വിദ്യാർത്ഥികൾ എന്നിവർക്കായി സംവരണം ചെയ്തിട്ടുണ്ട്. ഇത്തരം സീറ്റുകളിലേക്കുള്ള പ്രവേശനത്തിനായി അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു.

ന്യൂനപക്ഷ പദവി/കമ്മ്യൂണിറ്റി ക്വാട്ട ലഭ്യമായിട്ടുള്ള ഡന്റൽ കോളേജുകളുടേയും സംവരണത്തിന് അർഹമായ സമുദായങ്ങളുടേയും വിവരങ്ങൾ അടങ്ങിയ ലിസ്റ്റ് ചുവടെ ചേർത്തിട്ടുണ്ട്

**DENTAL COLLEGES**

| Sl. No. | College code | Institution | Community | Authority to issue Certificates |
|---|---|---|---|---|
| 1 | CDC | Century International Institute of Dental Sciences & Research Centre, Poinachi, Kasaragod | Muslim | Village Officer |
| 2 | MED | MES Dental College, Perinthalmanna, Palachode P O, Malappuram | Muslim | |
| 3 | RDC | Royal Dental College, Iron Hills, Chalissery P O, Palakkad | Muslim | |
| 4 | AAD | Al-Azhar Dental College, Perumpillichira P O, Thodupuzha, Idukki | Muslim | |
| 5 | ADC | Annoor Dental College, Puthuppady P O, Muvattupuzha, Ernakulam | Muslim | |
| 6 | AZD | Azeezia College of Dental Sciences & Research, Meeyyannoor, Kollam | Muslim | |
| 7 | EID | Educare Institute of Dental Science, Kiliyamannil Campus, Chattiparamba, Malappuram | Muslim | |
| 8 | IGD | Indira Gandhi Institute of Dental Sciences, Nellikuzhy P O, Kothamangalam, Ernakulam | Muslim | |
| 9 | MLD | Malabar Dental College and Research Centre, Chekanoor Road, Mudur P O, Edappal, Malappuram | Muslim | |
| 10 | PSD | PSM College of Dental Science and Research, Akkikavu, Thrissur | Muslim | |
| 11 | SVD | Sri Sankara Dental College, Akathumuri, Varkala, Thiruvananthapuram | Ezhava | |
| 12 | SGD | St. Gregorios Dental College, Chelad P O, Kothamangalam, Ernakulam | Jacobite Syrian | Mr.Thambu George Thukalan |
| 13 | MBD | Mar Baselios Dental College, Kothamangalam, Ernakulam | Jacobite Syrian | Mathew K Varghese, Secretary |
| 14 | PMD | Pushpagiri College of Dental Science, Thiruvalla | Syro Malankara Catholic | Vicar of the Syro Malankara Catholic Church countersigned by Arch. Bishop/Bishop and attested by Rev.Dr.Mathew mazhavancheril, Director, Academics & Research |

മേൽപ്പറഞ്ഞ മെഡിക്കൽ കോളേജുകളിൽ മൈനോറിറ്റി/കമ്മ്യൂണിറ്റി ക്വാട്ടാ സീറ്റുകളിലേക്ക് അപേക്ഷിക്കാൻ താത്പര്യമുള്ള വിദ്യാർത്ഥികൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ അതത് കോളേജുകൾക്ക് നേരെ നൽകിയിട്ടുള്ള പ്രൊഫോർമ ഡൗൺലോഡ് ചെയ്ത് ബന്ധപ്പെട്ട അധികാരികളിൽ നിന്നും സർട്ടിഫിക്കറ്റ് വാങ്ങി **Proforma for Submission of Candidate Details** ഉൾപ്പെടെ സമർപ്പിക്കേണ്ടതാണ്.

2013 ലെ കേരള MBBS/BDS കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള മുസ്ലീം **(MU)**/ഈഴവ **(EZ)** സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ, ജാതി/സമുദായ സർട്ടിഫിക്കറ്റ് വീണ്ടും സമർപ്പിക്കേണ്ടതില്ല. എന്നാൽ കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെടാത്ത ഈഴവ/മുസ്ലിം സമുദായത്തിൽപെട്ട വിദ്യാർത്ഥികളെ ഈ ക്വാട്ടയിലേക്ക് പരിഗണിക്കുന്നതിലേക്കായി മേൽപറഞ്ഞ സർട്ടിഫിക്കറ്റും പ്രൊഫോർമയും ഹാജരാക്കേണ്ടതാണ്.

കാസറഗോഡ്, സെഞ്ചുറി ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡന്റൽ സയൻസസ് & റിസർച്ച് സെന്ററിലേക്ക് പരിഗണിക്കുന്നതിന് വേണ്ടി "കാസറഗോഡ് ജില്ലയിലെ മുസ്ലീം" സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും മേൽപറഞ്ഞ സർട്ടിഫിക്കറ്റും പ്രൊഫോർമയും സമർപ്പിക്കേണ്ടതാണ്. ടി സമുദായ സർട്ടിഫിക്കറ്റിൽ വിദ്യാർത്ഥിക്ക് സംവരണത്തിന് അർഹതയുള്ള ജില്ല രേഖപ്പെടുത്തേണ്ടതാണ്.

തിരുവനന്തപുരം, വർക്കല, ശ്രീ ശങ്കര ഡെന്റൽ കോളേജിലേക്ക് **(SVD)** അപേക്ഷിക്കുന്നവരിൽ 2013 ലെ കേരള MBBS/BDS കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഈഴവ (**EZ**) സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികളെ "ഈഴവ" ക്വാട്ടാ സീറ്റിലേക്ക് പരിഗണിക്കുന്നതാണ്.

ഈ ക്വാട്ടയിലേക്ക് അപേക്ഷിക്കുന്ന വിദ്യാർത്ഥികളും മറ്റു വിദ്യാർത്ഥികളെപ്പോലെ താത്പര്യമുള്ള എല്ലാ കോളേജുകളിലേക്കും **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ ഓപ്ഷനുകൾ യഥാസമയം രജിസ്റ്റർ ചെയ്യേണ്ടതാണ്.

മേൽപ്പറഞ്ഞ സർട്ടിഫിക്കറ്റുകൾ **പ്രവേശന പരീക്ഷാ കമ്മീഷണർ, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം 695001** എന്ന വിലാസത്തിൽ **27.07.2013(ശനിയാഴ്ച) വൈകുന്നേരം 5 മണിക്ക് മുമ്പ്** നേരിട്ടോ സ്പീഡ് പോസ്റ്റ് മുഖേനയോ സമർപ്പിക്കേണ്ടതാണ്. പോസ്റ്റൽ കാലതാമസത്തിന് പ്രവേശന പരീക്ഷാ കമ്മീഷണർ ഉത്തരവാദിയായിരിക്കുകയില്ല.

നിശ്ചിത സമയത്തിന് ശേഷം ലഭിക്കുന്ന സർട്ടിഫിക്കറ്റുകളും ഫാക്സ്, ഇ മെയിൽ എന്നിവ മുഖേന അയക്കുന്ന സർട്ടിഫിക്കറ്റുകളും യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

കൂടുതൽ വിവരങ്ങൾക്ക് ഹെൽപ്പ് ലൈൻ നമ്പരുകളായ 0471-2339101, 2339102, 2339103, 2339104 എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.

തിരുവനന്തപുരം
18.07.2013

**പ്രവേശന പരീക്ഷാ കമ്മീഷണർ**